വരാത്ത രീതിയിൽ മണൽ എടുക്കുന്നതിനുള്ള ചില സംവിധാനങ്ങൾ ഇപ്പോൾ തുടരുന്നുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള നദികളിൽ നിന്നും മണൽ എടുക്കുന്നതിനും ഇതുപോലെയുള്ള ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിനുവിധേയമായി മാത്രമേ ഈ നടപടി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കൂ.

(10) നിരോധിത പ്ലാസ്റ്റിക് ബാഗുകൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം

ശ്രീ. സി. എൻ. ജയദേവൻ : സർ, ഹൈക്കോടതി വിധിയനുസരിച്ച് നിർമ്മാണവും വില്പനയും ഉപയോഗവും നിരോധിച്ച 20 മൊക്രോൺ കനത്തിന് താഴെയുള്ള റീസൈക്കിൾഡായിട്ടുള്ള പ്ലാസ്റ്റിക് ബാഗുകൾ വ്യാപകമായി അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന് കേരള സംസ്ഥാനത്തിൽ വില്പന നികുതി കൂടാതെ വിറ്റഴിക്കുകയാണ്. അതിന്റെ ഫലമായി ഏകദേശം ഒന്ന രക്കോടിയിലധികം രൂപയുടെ നഷ്ടം നമ്മുടെ സംസ്ഥാന ഗവൺമെന്റിന് ഒരു മാസത്തിൽ തന്നെയുണ്ടാകുന്നതായിട്ടാണ് മനസ്സിലാകുന്നത്. നമ്മുടെ സംസ്ഥാനത്ത് പ്ലാസ്റ്റികസ് ബാഗുകളുണ്ടാക്കുന്ന ഫാക്ടറികളെല്ലാം ഹൈക്കോടതി വിധിമാനിച്ചു കൊണ്ട് കനം കൂടിയ കവറുകളാണ് ഇപ്പോഴുണ്ടാക്കുന്നത്. അവയ്ക്കാണെങ്കിൽ വേണ്ടത്ര മാർക്കറ്റ് ലഭിക്കുന്നുമില്ല. ഈ കാര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് അടിയന്തിര നടപടി കൈക്കൊള്ളണമെന്നാണ് എന്റെ അപേക്ഷ.

ധനകാര്യവകുപ്പ് മന്ത്രി (ശ്രീ. ശിവദാസമേനോൻ) : സർ, വിൽപ്പനയും ഉപയോഗവും നിരോധിച്ച 20 മൈക്രോൺ കനത്തിൽ താഴെയുള്ള റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക് ബാഗുകൾ സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവന്ന് വിൽപ്പന നികുതി വെട്ടിച്ച് വിൽപ്പന നടത്തുന്ന കാര്യം ഇതുവരെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും, ബഹുമാനപ്പെട്ട മെമ്പർ ഈ പ്രശ്നം സഭയിൽ ഉന്നയിച്ചതിന്റെ പശ്ചാത്തലത്തിൽ ഈ കാര്യത്തെ സംബന്ധിച്ച് സമഗ്രമായി അന്വേഷിച്ച് ആവശ്യമായ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(11) കായിക താരങ്ങൾക്ക് നൽകിവരുന്ന ഗ്രേസ് മാർക്ക്

ശ്രീ. പിരപ്പൻകോട് മുരളി : സർ, വിവിധ കായിക മത്സരത്തിൽ പ്രശസ്തമാംവണ്ണം വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന സമ്പ്രദായം 1978 മുതൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇത് വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന മത്സരങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടുള്ള 20-11-1999-ലെ പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ അശാസ്ത്രീയമായ ഉത്തരവ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരള സർക്കാരിന്റെ സ്പോർട്ട്സ് ഏജൻസിയായ സ്പോർട്ട്സ് കൗൺസിലും അതിന്റെ കീഴിലുള്ള വിവിധ അസോസിയേഷനുകളും നടത്തുന്ന ജില്ലാ സംസ്ഥാന ദേശീയ മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് ഗ്രേസ് മാർക്ക് നൽകുന്ന സമ്പ്രദായം കായിക താരങ്ങൾക്ക് വൻപിച്ച പ്രോത്സാഹനമായിരുന്നു. കേരളത്തിന്റെ ഈ

LIBRARY ARCHIVES Kerala Legislative Assembly